"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുഭരണം-കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന്റെ ശമ്പളേതര ഇനചെലവുകൾക്കായി നോൺ പ്ലാൻ ശീർഷകത്തിൽ നിന്നും നാലാം ഗഡുവായി 17,04,400/- രൂപ (പതിനേഴ് ലക്ഷത്തി നാലായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ച് ഉത്തരവാകുന്നു.

---

**പൊതുഭരണ (ഏകോപനം) വകുപ്പ്**

സ.ഉ.(സാധാ) നം.801/2026/GAD　തീയതി,തിരുവനന്തപുരം, 18-02-2026

---

പരാമർശം:- 1) സ.ഉ.(സാധാ) നം.1743/2025/പൊഭവ തീയതി 22.04.2025
2) സ.ഉ.(സാധാ) നം.3776/2025/പൊഭവ തീയതി 29.08.2025
3) സ.ഉ.(സാധാ) നം.5144/2025/പൊഭവ തീയതി 27.11.2025
4) കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 19.12.2025, 23.01.2026 എന്നീ തീയതികളിലെ 167/CS/2025/KSWCFC നമ്പർ കത്ത്

**ഉത്തരവ്**

കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന്റെ ശമ്പളേതരയിനത്തിലെ ചെലവുകൾക്കുള്ള ധനസഹായമായി 2025-26 സാമ്പത്തികവർഷം ബഡ്ജറ്റിൽ 2235-02-190-97-36-Grant in Aid General Non Salary(NP) എന്ന ശീർഷകത്തിൽ 42,61,000/- (നാല്പത്തി രണ്ട് ലക്ഷത്തി അറുപത്തിയൊന്നായിരം രൂപ മാത്രം) വകയിരുത്തിയിട്ടുണ്ട്. ആയതിൽ നിന്നും മൂന്ന് ഗഡുക്കളായി ആകെ 25,56,600/- രൂപ (ഇരുപത്തിയഞ്ച് ലക്ഷത്തി അൻപത്തിയാറായിരത്തി അറുന്നൂറ് രൂപ മാത്രം) പരാമർശിത ഉത്തരവുകൾ പ്രകാരം അനുവദിക്കുകയുണ്ടായി. എന്നാൽ അനുവദിച്ച തുക പൂർണ്ണമായും വിനിയോഗിച്ച് കഴിഞ്ഞ സാഹചര്യത്തിൽ ഈ ഇനത്തിൽ ബാക്കിയുള്ള 17,04,400/- രൂപ (പതിനേഴ് ലക്ഷത്തി നാലായിരത്തി നാന്നൂറ് രൂപ മാത്രം) അനുവദിച്ചു നൽകാൻ പരാമർശം 4 പ്രകാരം കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർ ആവശ്യപ്പെടുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷന് നടപ്പ് സാമ്പത്തികവർഷം (2025-26) 2235-02-190-97-36-Grant in Aid General Non Salary(NP) എന്ന ശീർഷകത്തിൽ വകയിരുത്തിയിട്ടുള്ള തുകയിൽ നിന്നും നാലാം ഗഡുവായി 17,04,400/- രൂപ (പതിനേഴ് ലക്ഷത്തി നാലായിരത്തി നാന്നൂറ് രൂപ മാത്രം) ശമ്പളേതരചെലവുകൾക്കായി ഫണ്ട് റിലീസിന്റെ താഴെപ്പറയുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു.

| | |
|---|---|
| * | പ്രസ്തുത തുക STSB അക്കൗണ്ടിൽ (non interest bearing) അല്ലാതെ ബാങ്കുകളിലോ മറ്റ് ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കാൻ പാടില്ല |
| * | 29/08/2009-ലെ സർക്കുലർ നം 75/09/ധന എന്നതിലേയും, 09/12/2008-ലെ സർക്കുലർ നം 84/08/ധന എന്നതിലേയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്. |
| * | അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും GO(MS)No. 4/2020/Fin dated : 09/01/2020 പ്രകാരമുള്ള ധനവിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് സർക്കാരിന് സമർപ്പിക്കേണ്ടതാണ്. |
| | |

| | |
|---|---|
| * | വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. |

പൊതുഭരണ(അക്കൗണ്ട്സ്-ജെ) വകുപ്പ് അണ്ടർ സെക്രട്ടറി 2235-02-190-97-36-Grant in Aid General Non Salary(NP) എന്ന ശീർഷകത്തിൽ നിന്നും 17,04,400/- രൂപ (പതിനേഴ് ലക്ഷത്തി നാലായിരത്തി നാന്നൂറ് രൂപ മാത്രം) പിൻവലിച്ച് കേരള സംസ്ഥാന മുന്നാക്ക സമുദായക്ഷേമ കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് (STSB acct no-701011400000014) കൈമാറേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
മുഹമ്മദ് റിയാസ്
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരളാ സ്റ്റേറ്റ് വെൽഫെയർ കോർപ്പറേഷൻ ഫോർ
ഫോർവേർഡ് കമ്മ്യൂണിറ്റീസ് ലിമിറ്റഡ്, എൽ-2, കുലീന,
ജവഹർ നഗർ, കവടിയാർ പി.ഒ, തിരുവനന്തപുരം - 3
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.
മെമ്പർ സെക്രട്ടറി, സ്റ്റേറ്റ് പ്ലാനിംഗ് ബോർഡ്, പട്ടം, തിരുവനന്തപുരം.
ധനകാര്യ വകുപ്പ് (17.02.2026- ലെ PUC3/54/2025/Fin നമ്പർ പ്രകാരം)
ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് (അറിവിലേക്കായി)
പൊതുഭരണ (അക്കൗണ്ട്സ്-ജെ) വകുപ്പ് ( 3 പകർപ്പുകൾ സഹിതം)
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്
(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം
Signed by
Sabu T K
Date: 18-02-2026 16:05:08
സെക്ഷൻ ഓഫീസർ